**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 184** **21-01-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനിൽ അക്കര , ശ്രീ. പി. ടി. തോമസ് , ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ , ശ്രീ . ഷാഫി പറമ്പിൽ** | | **Shri. Kadakampally Surendran (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖലയിലെ ആദ്യ ഷെഡ്യൂൾഡ് ബാങ്കായ കേരള ബാങ്കിന് വാണിജ്യ ബാങ്കുകളോട് മത്സരിക്കുന്നതിന് സാധിക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; എങ്കിൽ അതിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (എ) | സഹകരണ മേഖലയിലെ ആദ്യ ഷെഡ്യൂൾഡ് ബാങ്കായ കേരള ബാങ്കിന് വാണിജ്യ ബാങ്കുകളോട് കിടപിടിക്കുന്ന പ്രവർത്തനം നടത്തുന്നതിന് സാധിക്കും. സംസ്ഥാനത്തെ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടേയും (PACS) അർബൻ ബാങ്കുകളുടേയും അപ്പെക്സ് സ്ഥാപനമായിട്ടാണ് കേരള ബാങ്കിനെ വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ കേരള ബാങ്കിന്റെ 769 ശാഖകളിലൂടെയാണ് പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടു പോകുന്നത്. ബാങ്കിന്റെ നിക്ഷേപം 63332 കോടി രൂപയും വിതരണം ചെയ്ത വായ്പ 40265 കോടി രൂപയും ഉൾപ്പെടെ ആകെ ബിസിനസ്സ് 103597 കോടി രൂപയാണ്. ആകെ ബിസിനസ്, ശാഖകളുടെ എണ്ണം, ജീവനക്കാർ തുടങ്ങിയ എല്ലാ കാര്യത്തിലും കേരള ബാങ്ക് ഇപ്പോൾ തന്നെ കേരളത്തിലെ പൊതുമേഖല, സ്വകാര്യ വാണിജ്യ ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കിംഗ് മേഖലയിലെ രണ്ടാമത്തെ ഏറ്റവും വലിയ ബാങ്കാണ്. ഈ കാര്യത്തിൽ കേരള ബാങ്കിന് മുന്നിലുള്ളത് എസ്.ബി.ടിയുടെ ലയനത്തിലൂടെ ശക്തിപ്പെട്ട എസ്.ബി.ഐ മാത്രമാണ്. കർഷകർക്ക് നൽകിയ കെ.സി.സി വായ്പകളുടെ എണ്ണത്തിലും, സംഖ്യയിലും ഒന്നാം സ്ഥാനത്തും, ഭവന നിർമ്മാണ വായ്പ വിതരണത്തിൽ സംസ്ഥാനത്ത് രണ്ടാം സ്ഥാനത്തും ആണ് കേരള ബാങ്ക്. സാധാരണക്കാരായ ജനങ്ങളുടെയും സഹകരണ സംഘങ്ങളുടെയും ഇടപാടു കൊണ്ട് മാത്രമാണ് നിലവിൽ ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. നിലവിൽ ശമ്പള വിതരണം, പെൻഷൻ വിതരണം തുടങ്ങി ഗവൺമെന്റിന്റെയും പൊതുമേഖലയിലെ എല്ലാ കോർപ്പറേഷനുകളുടെയും ബോർഡുകളുടെയും പ്രാദേശിക സർക്കാരുകളുടെയും |

എല്ലാം ബാങ്കിംഗ് ഇടപാടുകൾ എസ്.ബി.ഐ.യും മറ്റ് സ്വകാര്യ, പൊതുമേഖല, വാണിജ്യ ബാങ്കുകളുമാണ് നിർവ്വഹിക്കുന്നത്. കേരള ബാങ്കിൽ എല്ലാ വിധ ഡിജിറ്റൽ ബാങ്കിങ് സേവനങ്ങളും നിർവ്വഹിക്കാൻ കഴിയുന്ന ഏറ്റവും നൂതനമായ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതോടു കൂടി എല്ലാവിധ റീറ്റെൽ/കോർപ്പറേറ്റ് ബാങ്കിംഗ് സേവനങ്ങളും ഏറ്റവും കുറ്റമറ്റ രീതിയിൽ നടപ്പിലാക്കാൻ കേരള ബാങ്കിന് കഴിയും. ഇതോടെ സർക്കാർ മേഖലയിൽ ഉൾപ്പെടെ കോർപ്പറേറ്റ് ബാങ്കിംഗ് മേഖലയിലെ നല്ലൊരു വിഭാഗം ബിസിനസ്സ് കൂടി കേരള ബാങ്കിന് ലഭിക്കുന്നതോടെ കേരള ബാങ്കിനെ കേരളത്തിലെ ഏറ്റവും മികച്ച ബാങ്കായി മാറ്റാൻ കഴിയും. സർക്കാർ മേഖലയിലെ വിവിധ കോർപ്പറേഷൻ, ബോർഡ്, കെ.എസ്.എഫ്.ഇ. ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ എല്ലാം വലിയൊരു ഭാഗം ബിസിനസ്സ് കേരള ബാങ്കിന് നിർവ്വഹിക്കാൻ കഴിയും. നിലവിൽ പഴയ ജില്ലാ സഹകരണ ബാങ്കുകളുടെ സാങ്കേതിക വിദ്യ ഉപയോഗിച്ച് RTGS, NEFT, CTS CLEARING, ATM DEBIT CARD, MOBILE BANKING തുടങ്ങിയ സേവനങ്ങൾ മാത്രമാണ് ചെയ്യുന്നത്. ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതോടു കൂടി RTGS/NEFT നു പുറമേ 24 മണിക്കൂറും ഫണ്ട് ട്രാൻസ്ഫർ ചെയ്യാൻ പറ്റുന്ന IMPS, UPI ഗവൺമെന്റ് പേയ്മെന്റുകളായ പെൻഷൻ, സ്കോളർഷിപ്പ്, സബ്സിഡി മറ്റ് ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്ന PFMS (Public Fund Management System), DBT, NACH, APBS, AEPS തുടങ്ങി എല്ലാവിധ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും കമ്പ്യൂട്ടർ, ലാപ് ടോപ്പ്, മൊബൈൽ ഉപയോഗിച്ച് ബാങ്കിൽ വരാതെ ഓഫീസുകളിലിരുന്നും, വീടുകളിലിരുന്നും ചെയ്യാൻ കഴിയുന്ന ഇന്റർനെറ്റ്/ മൊബൈൽ ബാങ്കിംഗ് സേവനങ്ങൾ നൽകാൻ കേരള ബാങ്ക് പ്രാപ്തമാവും. മാത്രമല്ല സമൂഹത്തിലെ വിവിധ മേഖലകളിലുള്ള കർഷകത്തൊഴിലാളികളെയും, ഉദ്യോഗസ്ഥരെയും മറ്റ് തൊഴിലാളികളെയും, സ്വകാര്യ/ പൊതുമേഖല/ കോർപ്പറേറ്റ് സ്ഥാപനങ്ങളിലെ ജീവനക്കാർ, ഗവൺമെന്റ്/ സ്വകാര്യ/ പൊതുമേഖല/ കോർപ്പറേറ്റ് സ്ഥാപനങ്ങൾ/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയെ ലക്ഷ്യം വെച്ച് 23 ഓളം വിവിധ നിക്ഷേപ പദ്ധതികളും 20 ഓളം പുതിയ വായ്പ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഈ സേവനങ്ങളെല്ലാം ബാങ്കിന്റെ 769 ശാഖകളിലൂടെയും

| | | | |
|---|---|---|---|
| | | | 4000 ത്തിൽ അധികം വരുന്ന PACS ശാഖകളിലൂടെയും നൽകുക എന്നതാണ് കേരള ബാങ്ക് ലക്ഷ്യം വെയ്ക്കുന്നത്. ഇത് നടപ്പിലാക്കുന്നതോടുകൂടി എല്ലാ മേഖലയിലും മറ്റ് ബാങ്കുകളെ അപേക്ഷിച്ച് ബഹുദൂരം മുൻപിലായിരിക്കും കേരള ബാങ്ക്. |
| (ബി) | എൻ.ആർ.ഐ. നിക്ഷേപം സ്വീകരിക്കുവാൻ കേരള ബാങ്കിന് നിലവിൽ സാധിക്കുമോ; ഇല്ലെങ്കിൽ ഇതിനായി ആർ.ബി.ഐ.യുടെ അനുമതി തേടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സംസ്ഥാന സഹകരണ ബാങ്കിൽ NR(E)/NR(O) നിക്ഷേപങ്ങൾ സ്വീകരിക്കാൻ Reserve Bank of India ൽ നവംബർ മാസത്തിൽ സംസ്ഥാന സഹകരണ ബാങ്ക് അപേക്ഷ നൽകുകയുണ്ടായി. എന്നാൽ RBI യുടെ നവംബർ 24, 2020 ൽ ലഭിച്ച കത്തിൽ, ബാങ്കിൽ നബാർഡ് നടത്തി വരുന്ന Statutory Inspection (position) as on 31.03.2020 അവസാനിച്ച ശേഷം ലഭിക്കുന്ന പരിശോധനാ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ മാത്രമേ അനുമതി നൽകാൻ കഴിയുകയുള്ളൂ എന്ന് അറിയിച്ചിരുന്നു. |
| (സി) | സഹകരണ ബാങ്കിലെ പലിശ കൂടുതലും പലിശയ്ക്ക് റ്റി.ഡി.എസ്. ഈടാക്കാത്തതും ആണ് നിലവിൽ നിക്ഷേപകരെ കൂടുതലായി ആകർഷിക്കുന്നതെന്നിരിക്കെ കേരള ബാങ്ക് ആകുന്നതോടു കൂടി പ്രസ്തുത നിക്ഷേപകർ പിൻതിരിയുവാൻ സാധ്യതയുണ്ടോ; എങ്കിൽ അത് മറികടക്കുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (സി) | ജില്ലാ ബാങ്കുകളിലും, സംസ്ഥാന സഹകരണ ബാങ്കിലും ലയനത്തിന് മുമ്പുതന്നെ പലിശയ്ക്ക് Income Tax Act 1961 -ൽ പരാമർശിക്കുന്ന വ്യവസ്ഥയ്ക്ക് വിധേയമായി നിക്ഷേപകരിൽ (Individual & others) നിന്നും TDS ഈടാക്കാറുണ്ട്. കേരള ബാങ്ക് വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നൽകി വരുന്നുണ്ട്. ആയതിനാൽ കേരള ബാങ്കിൽ ഇതുമായി ബന്ധപ്പെട്ട ആശങ്കകൾക്ക് അടിസ്ഥാനമില്ല. |
| (ഡി) | ബാങ്കിന്റെ ഡിജിറ്റൈസേഷൻ നടപടികൾ ഏത് ഘട്ടത്തിലാണ്; ബാങ്ക് പൂർണ്ണമായും ഡിജിറ്റൈസ് ചെയ്യുമ്പോൾ നിലവിലുള്ള ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കേണ്ട സാഹചര്യമുണ്ടോ; | (ഡി) | ബാങ്കിന്റെ ഏകീകരിച്ച ഡിജിറ്റലൈ സേഷൻ പ്രവർത്തനങ്ങൾ അതിവേഗം നടന്നു വരികയാണ്. ഏകീകൃത Core Banking & Digital Banking Vender തിരഞ്ഞെടുപ്പിനായി Request For Proposal വിളിക്കുകയും സെലക്ഷൻ പ്രവർത്തനങ്ങൾ evaluation ഘട്ടത്തിൽ എത്തി നിൽക്കുകയുമാണ്. ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങളെ തുടർന്ന് ജീവനക്കാരെ വെട്ടിക്കുറയ്ക്കേണ്ട സാഹചര്യം ഉണ്ടാകുന്നില്ല. |
| (ഇ) | ബാങ്ക് പുതുതായി എന്തെങ്കിലും നിക്ഷേപ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഇ) | കേരള ബാങ്ക് രൂപീകരിച്ച ശേഷം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉതകുന്ന രൂപത്തിൽ 24 ഓളം CASA പ്രോഡക്ടുകൾ (കറന്റ് അക്കൗണ്ടും സേവിംഗ്സ് അക്കൗണ്ടും) ആരംഭിച്ചു കഴിഞ്ഞു. പ്രധാനപ്പെട്ട പ്രോഡക്ടുകൾ ചുവടെ ചേർക്കുന്നു. 1) കെ.ബി സീനിയർ സിറ്റിസൺ സേവിംഗ്സ്. 2) കെ.ബി. വനിതാ സേവിംഗ്സ് 3) കെ.ബി. യംഗ് സേവിംഗ്സ് 4) കെ.ബി. മൈനർ സേവിംഗ്സ് 5) കെ.ബി സഹായം സ്പെഷ്യൽ കറന്റ് അക്കൗണ്ട് - ചെറുകിട വ്യാപാരികൾ 6) കെ.ബി. പെൻഷനേഴ്സ് |

| | | | |
|---|---|---|---|
| | | | സേവിംഗ് 7) കെ.ബി കുടുംബം സേവിംഗ് 8) കെ.ബി. ഫ്രീഡം കറന്റ് അക്കൗണ്ട് (PACS) 6-ഓളം പുതിയ ടേം ഡെപ്പോസിറ്റുകളും ആരംഭിച്ചു കഴിഞ്ഞു. അവയിൽ പ്രധാനപ്പെട്ട പ്രോഡക്റ്റുകൾ ചുവടെ ചേർക്കുന്നു. 1. കെ.ബി. കൈനീട്ടം ടാക്സ് ഡെപ്പോസിറ്റ് സീനിയർ സിറ്റിസൺ 2. കെ.ബി ഫ്ലക്സി റിക്കറിംഗ് ഡെപ്പോസിറ്റ് 3. കെ.ബി. ടാക്സ് സേവർ ഡെപ്പോസിറ്റ് |

സെക്ഷൻ ഓഫീസർ